"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി പൂനെ യെഷാദയിലേക്ക് കില സംഘടിപ്പിച്ച പഠനയാത്രയിൽ വിമാന യാത്രക്കായി തനത് ഫണ്ടിൽ നിന്നും 94,900/- രൂപ അധികം ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഎം)വകുപ്പ്**

**സ.ഉ.(സാധാ) നം.920/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/04/2019

---

പരാമർശം:- 1 26/11/2018 ലെ സ.ഉ.(സാധാ) നം3002/2018/തസ്വഭവ നമ്പർ ഉത്തരവ് .

2 പഞ്ചായത്ത് ഭരണസമിതിയുടെ 25/10/18ലെ 65/18(13) നമ്പർ തീരുമാനം.

3 കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19/12/2018 , 10/04/2019 തീയതികളിലെ പി 8-1884/17 കത്തുകൾ.

### ഉത്തരവ്

പൂനെ യെഷാദയിലേക്ക് പഠനയാത്ര നടത്തുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരിശീലനത്തിനുള്ള അറിയിപ്പ് വൈകി ലഭിച്ചതുകാരണം സെക്കൻഡ് എസി ട്രയിൻ ടിക്കറ്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം 2 ലെ തീരുമാനപ്രകാരം എല്ലാവരും യാത്ര വിമാന മാർഗ്ഗമാക്കുന്നതിന് തീരുമാനിച്ചുവെന്നും , രണ്ടാം ക്ലാസ്സ് എസി ട്രെയിൻ യാത്രയ്ക്കായി കില അനുവദിച്ചിരുന്ന തുകയേക്കാൾ അധികമായി 94,900/-രൂപ വിമാനയാത്രയ്ക്കായി തനത് ഫണ്ടിൽ നിന്നും ചെലവ് വന്നിട്ടുണ്ടെന്നും, ടി തുക ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി 19/12/2018 ലെ (പരാമർശം 3) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി പൂനെ യെഷാദയിലേക്ക് കില സംഘടിപ്പിച്ച പഠനയാത്രയ്ക്ക്, രണ്ടാം ക്ലാസ്സ് എസി ട്രെയിൻ യാത്രയ്ക്കായി കില അനുവദിച്ചിരുന്ന തുകയേക്കാൾ അധികമായി 94,900/-രൂപ വിമാന യാത്രക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടി സാധൂകരിച്ച്

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്.

ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ